# വിശ്വവിസ്മയം

പി.അബ്ദുല്ല ക്കുട്ടി. ak@vazhi.org

---

"വായിക്കുക, സൃഷ്ടിച്ചവനായ നിൻെറ നാഥൻെറ നാമത്തിൽ. മനുഷ്യനെ സിക്താണ്ഡത്തിൽ നിന്ന് സൃഷ്ടിച്ചു. വായിക്കുക, പേനകൊണ്ട് പഠിപ്പിച്ച അത്യുദാരനാണ് നിൻെറ നാഥൻ. മനുഷ്യനറിവില്ലാത്തത് മനുഷ്യനെ അവൻ പഠിപ്പിച്ചു." (96:1-5)

---

വായിക്കാനറിയാത്ത ഒരു വ്യക്തി വായിച്ചുപറഞ്ഞ ദർശനവിസ്മയമാണ്,
അതിസ്ഫോടകമായ ഒരു ദാർശനിക ഗ്രന്ഥമാണ്,
സർവാദിശായിയായ ഒരു വിശ്വവിസ്മയമാണ് വിശുദ്ധ ഖുർആൻ.

ഖുർആൻെറ അമാനുഷികത അതിൻെറ ഭാഷാചാതുര്യവും സാഹിത്യമൂല്യവും മാത്രം പരിഗണിച്ചുകൊണ്ടാണെന്നാണ് പൊതുവെ ആളുകൾ മനസ്സിലാക്കുന്നത്. ഖുർആൻെറ അദ്വിതീയതയും നിസ്തുലതയും സ്ഥാപിക്കുന്നതിന്ന് ഭാഷാഭംഗിയ്ക്കുപരിയായ ചില മാനദണ്ഡങ്ങൾ കൂടിയുണ്ട്. നിസ്സംശയം, ഭാഷാപരമായ പരിഗണനയിലും നിസ്തുലവും അദ്വിതീയവും തന്നെ ഖുർആൻ. എന്നാൽ മനുഷ്യബുദ്ധിക്ക് അത്തരം ഒരു ഗ്രന്ഥം നിർമ്മിക്കുക അസാധ്യമാണെന്ന ഖുർആൻെറ വാദത്തിന് അടിസ്ഥാനം അതിലെ പ്രമേയങ്ങളും അദ്ധ്യാപനങ്ങളുമാണ്. അമാനുഷികതയുടെ വിവിധ വശങ്ങളും, അത് ദൈവീക കൃതിയാണെന്നതിനും മനുഷ്യന് അത്തരമൊരു കൃതി രചിക്കുക അസാധ്യമാണെന്നതിനുമുള്ള ധാരാളം തെളിവുകളും ഖുർആനിൽതന്നെ വ്യത്യസ്ത സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഖുആൻെറ വശ്യത, അനനുകരണീയമായ രചനാരീതി, അത് പ്രബോധനം ചെയ്യുന്ന ഉദാത്തമായ ആശയങ്ങൾ, അതിൻെറ പ്രബോധകൻെറ വിശുദ്ധവും ഉന്നതവുമായ വ്യക്തിത്വം, അതിൽ വിശ്വസിച്ചവരുടെ ജീവിതത്തിൽ അത് സൃഷ്ടിച്ച വിപുലമായ പരിവർത്തനങ്ങൾ, അതിലെ ഒരദ്ധ്യായത്തിന് തുല്യമായ ഒന്ന് നിർമിക്കാനുള്ള അതിൻെറ വെല്ലുവിളി, അതിൻെറ ഭാഷാവിവരണശൈലി, തെളിവുകൾ, വിഷയാവതരണം, ചർച്ച, അദ്ധ്യാപനം, അദൃശ്യവൃത്താന്തങ്ങൾ, സൂക്ഷ്മമായ നിയമനിർമാണങ്ങൾ എന്നിവ ഖുർആൻെറ അമാനുഷിതക്ക് ദൃഷ്ടാന്തങ്ങളാകുന്നു.

## തെളിവുകൾ

"ഇത് വിശുദ്ധ വേദമാകുന്നു. ഇക്കാര്യത്തിൽ സംശയമില്ലതന്നെ.
ഭക്തജനത്തിനു മാർഗദർശകമായിട്ടുള്ളതത്രെ ഇത്" . (2:2)
"ഈ ഖുർആൻ കെട്ടിച്ചമച്ച ഒരു വാർത്തയല്ല. മറിച്ചു ദൈവഗ്രന്ഥമാണ്.
അതിൻെറ മുമ്പിലുള്ള ദിവ്യഗ്രന്ഥങ്ങളിലെ സന്താഷവാർത്തകളെ അത് സത്യപ്പെടുത്തുന്നു. (12:111)
"എന്നാൽ അവർ ഖുർആനെക്കുറിച്ചു പരിചിന്തനം ചെയ്യുന്നില്ലയോ? ഏകദൈവമല്ലാതെ ഒരുവനിൽനിന്നും ആയിരുന്നു അത് എങ്കിൽ, തീർച്ചയായും അവർ അതിൽ അധികമായ വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു". (4:82)
"ഇതിനുമുമ്പ് ഒരു ഗ്രന്ഥവും നീ (പ്രവാചകൻ) വായിച്ചിരുന്നില്ല. നിൻെറ വലതുകൈകൊണ്ട് നീ അത് എഴുതിയിട്ടുമില്ല. അങ്ങനെയെങ്കിൽ അസത്യജൽപനക്കാർ തീർച്ചയായും സംശയിക്കുമായിരുന്നു."
"ഈ ഖുർആൻ അല്ലാഹുവല്ലാതെ മറ്റാരാലും നിർമ്മിക്കപ്പെടാവുന്നതല്ല." (10:37)
"നിശ്ചയമായും നാമാണ് ഈ ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത്, നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും." (15:9)
പ്രസ്തുത ദൈവീക വചനത്തെ പ്രത്യക്ഷരം സാക്ഷാത്കരിച്ചുകൊണ്ട് പതിനാലു നൂറ്റാണ്ടുകളായി വള്ളി പുള്ളി വ്യത്യാസമില്ലാതെ ഖുർആൻ ലോകത്ത് അവശേഷിക്കുന്നു.

ഖുര്‍ആനില്‍ പലയിടങ്ങളിലായി, ലോകത്താകമാനമുള്ള മനുഷ്യരോടായി, ഖുര്‍ആനിനോളം ഭദ്രതയും ഗാംഭീര്യവും മഹത്ത്വവുമുള്ള ഒതു ഗ്രന്ഥം രചിച്ചുകൊണ്ടുവരുവാന്‍ വെല്ലുവിളി ച്ചിട്ടുണ്ട്. ലോകത്തിലെ ഏതുഭാഷയിലായാലും കൊള്ളാം, ഏതെല്ലാം സവിശേഷതകളാലാണോ ഖുര്‍ആന്‍ ഒരു ദിവ്യാദ്ഭുതമായിരിക്കുന്നത്, ആ സവിശേഷതകളില്‍ അത് ഖുര്‍ആനിനോട് തുല്യത പുലര്‍ത്തണമെന്നുമാത്രം.

“പറയുക: ഈ ഖുര്‍ആനിന് സമമായ വേറൊന്നു കൊണ്ടുവരുന്നതിനുവേണ്ടി മനുഷ്യരും ജിന്നും ഒരുമിച്ചുചേര്‍ന്നാലും, ഇതിനു സമമായത് അവര്‍ കൊണ്ടുവരികയില്ല. അവരില്‍ ഒന്ന് ഒന്നിനു സഹായി ആയിരുന്നാലും ശരി.” (17:88)

“ഇതു പ്രവാചകന്‍ സ്വയം ചമച്ചതാണെന്നു ഈ ജനം പറയുന്നുവോ? പറയുക: നിങ്ങള്‍ ഈ ആരോപണത്തില്‍ സത്യസന്ധരാണെങ്കില്‍ ഇതുപോലൊരധ്യായം രചിച്ചുകൊണ്ടുവരിക. ഏകദൈവത്തെ കൂടാതെ നിങ്ങള്‍ക്ക് ആരെയെല്ലാം വിളിക്കാന്‍ കഴിയുമോ, അവരെയെല്ലാം സഹായത്തിനു വിളിച്ചുകൊള്ളുക.” (10:41)

എന്നാല്‍ ഇന്നുവരെ ഖുര്‍ആന്‍െറ ഈ വെല്ലുവിളിക്കുത്തരം നല്‍കാനോ ഖുര്‍ആനിനുതുല്യം ഒരു മനുഷ്യരചന അവതരിപ്പിക്കാനോ ഒരാളും ധൈര്യപ്പെട്ടിട്ടില്ല.
അന്നും ഇന്നും ഖുര്‍ആന്‍ ഒരു ദിവ്യാദ്ഭുതം ആയി ഗണിക്കപ്പെടുന്നതിന് ആധാരമായ ചില സുപ്രധാന സവിശേഷതകള്‍ താഴെ:

## ഭാഷാവിവരണശൈലി

ഖുര്‍ആന്‍ അവതരിച്ച ഭാഷയുടെ സാഹിത്യത്തില്‍ അത് അത്യുന്നതവും സമ്പൂര്‍ണവുമായ ഒരു മാതൃകയായി വര്‍ത്തിക്കുന്നു. ഗ്രന്ഥത്തിലഖിലം എവിടെയും ഒരു വാക്യമോ പദമോ സാഹിതീയ മാനദണ്ഡപ്രകാരം തരംതാണതായിട്ടില്ല. ഏതു വിഷയവും ഏറ്റവും ഉചിതമായ പദങ്ങളിലും ആനുയോജ്യമായ ശൈലിയിലുംതന്നെ അവതരിപ്പിച്ചിരിക്കുന്നു.

ഒരേ വിഷയം ആവര്‍ത്തിച്ചുപറയുന്നു. എന്നാല്‍ ഓരോ വട്ടവും ആവര്‍ത്തിക്കുന്നത് പുതിയ പശ്ചാത്തലത്തിന്‍െറയും സന്ദര്‍ഭത്തിന്‍െറയും ഉചിതമായ ഉടയാടകളിലായിരിക്കും. അതുമൂലം എവിടെയും ആവര്‍ത്തനവൈരസ്യം അനുഭവപ്പെടുന്നില്ല. തുടക്കംമുതല്‍ ഒടുക്കംവരെ പുസ്തക ത്തിലെവിടെയും പദങ്ങള്‍ വിന്യസിച്ചിട്ടുള്ളത് ചെത്തിയുരച്ചു പാകപ്പെടുത്തിയ രത്നങ്ങള്‍ ഹാരത്തില്‍ ഘടിപ്പിച്ചിട്ടുള്ളതുപോലെയാണ്. അറബി ഭാഷ അറിയാവുന്ന ആര്‍ക്കും അതു കേട്ടാല്‍, ആ അനുഭൂതിയില്‍ ലയിക്കാതിരിക്കാനാവില്ല. എത്രത്തോളമെന്നാല്‍ കടുത്ത വിരോധി കളുടെ ആത്മാവിനെപോലും അത് തരളിതമാക്കിയിരുന്നു.

പതിനാല് നൂറ്റാണ്ട് പിന്നിട്ട ഈ ഗ്രന്ഥം ഇന്നും അതിന്‍െറ ഭാഷയിലെ ഏറ്റവും ഉന്നതമായ സാഹിത്യമാതൃകയായി പരിലസിക്കുകയാണ്.
ഖുര്‍ആനിനു തുല്യമാകുന്നതുപോകട്ടെ, അറബി ഭാഷയില്‍ മറ്റൊരു ഗ്രന്ഥവും സാഹിത്യമൂല്യത്തില്‍ അതിന്‍െറ അടുത്തെങ്ങുപോലും എത്തിയിട്ടില്ല. ഇതുമാത്രമല്ല, ഈ ഗ്രന്ഥം അറബിഭാഷയെ സമൂലം അടക്കിഭരിക്കുകയും ചെയ്യുന്നു. ഈ ഗ്രന്ഥം സ്ഥാപിച്ചിട്ടുള്ളതു തന്നെയാണ് 14 നൂറ്റാണ്ടുകള്‍ക്ക്ശേഷവും ആ ഭാഷയുടെ സാഹിത്യമാനദണ്ഡം.
ഈ കാലയളവിനുള്ളില്‍ പലവിധ മാറ്റങ്ങള്‍ വന്നുകൊണ്ടേയിരുന്നിട്ടും പ്രഭാഷണത്തിലും പ്രബന്ധത്തിലും സംസാരത്തിലും ഭാഷാനിയമങ്ങളിലും പദപ്രയോഗങ്ങളിലും എല്ലാം ഇത്ര സുദീര്‍ഘമായ കാലയളവുവരെ ഒരേ രീതി നിലനില്ക്കുന്ന മറ്റൊരു ഭാഷയും ഈ ലോക ത്തിലില്ലതന്നെ.
അറബി ഭാഷ അതിന്‍െറ സ്ഥാനത്തുനിന്ന് ഇളകാതെ സുസ്ഥിരമായി നിന്നത് വിശുദ്ധ ഖുര്‍ആനിന്‍െറ ശക്തി ഒന്നുകൊണ്ടുമാത്രമാണ്.

ഖുര്‍ആന്‍ അവതരണകാലത്തെ സ്ഥിതിവിശേഷം സ്വച്ഛമായ അറബിസാഹിത്യത്തിന്‍െറ അവാച്യമായ കലാചിത്രം ആസ്വദിച്ചിരുന്ന ഒരു സമൂഹത്തിന്‍െറ ആത്മാവിലേക്ക് തുളച്ചുകയറുന്ന മാസ്മരികതയായിരുന്നു അക്കാലത്ത് ഖുര്‍ആന്‍െറ അമാനുഷികത.

അറബികൾ സാഹിത്യസൂക്തങ്ങൾക്കു മുന്നിൽ സാഷ്ടാംഗം നമിച്ചിരുന്നു. വിഗ്രഹങ്ങളുടെ അടിമകളാകും മുമ്പേ അവർ സാഹിത്യത്തിൻെറ അടിമകളായിരുന്നു.

തൻെറ സഹോദരിയിൽനിന്ന് വാമൊഴിയായി ശ്രവിച്ചതോ ഏടുകളിൽനിന്ന് വായിച്ചതോ ആയ ഖുർആൻ സൂക്തങ്ങളാണ്, പ്രവാചകനെ വകവരുത്താൻ ഇറങ്ങിത്തിരിച്ച ഉമറിനെ സത്യവിശ്വാസത്തിലെക്ക് വഴിതിരിച്ചുവിട്ടത്.

അറബിസാഹിത്യകലയിലെ മുടിചൂടാമന്നനായ വലീദിനുചുറ്റും ഖുർആനെ അധിക്ഷേപിക്കാനായി ഒരുപറ്റം ആളുകൾ ഒത്തുകൂടിയപ്പോൾ അദ്ദേഹം പറഞ്ഞ വചനങ്ങൾ ശ്രദ്ധേയമാണ്:

"ഞാൻ കേട്ട ഈ വചനങ്ങൾ മനുഷ്യനിർമിതമല്ല. ജിന്നുകളുടെ വചനങ്ങളല്ല. അതിന് വല്ലാത്ത മാധുര്യമുണ്ട്. എന്തൊരു സൗന്ദര്യമാണതിന്. അതിൻെറ അടിവേരുകൾ സുദൃഢവും ശാഖകൾ ഫലദായകവുമാണ്. ഇക്കാര്യത്തിൽ നിങ്ങളെന്തുപറഞ്ഞാലും അത് മിഥ്യയായിരിക്കും".
ഖുർആൻെറ വാഗ്വിലാസവും മാസ്മരികതയും അദ്ദേഹത്തെ പിടിച്ചുലക്കുകതന്നെ ചെയ്തു.

ആയിരം നാക്കുകളിൽ സംസാരിക്കാൻ കഴിവുള്ള കുപ്രസിദ്ധനായ ദുർമന്ത്രവാദിയായിരുന്നു ഉത്ത്ബത്തുബ്നു റബീആ. പ്രവാചകനിൽനിന്ന് ഏതാനും ഖുർആൻ വചനങ്ങൾകേട്ട അദ്ദേഹം പറഞ്ഞു.
"എൻെറ ജിവിതത്തിൽ മുമ്പൊരിക്കലും കേൾക്കാത്ത ചില കാര്യങ്ങൾ കേട്ടു. അതു മാരണ വിദ്യയല്ല., ആഭിചാരക്രിയയല്ല. ദുർമന്ത്രവാദവുമല്ല. എൻെറ ഖുറൈശികളെ, ഞാൻ പറയുന്നത് കേൾക്കുക. മുഹമ്മദിനെ അവൻെറ വഴിക്കു വിട്ടേക്കൂ. ഞാൻ കുറെ വാക്കുകൾ കേട്ടു. കാലം കനകംപോലെ സൂക്ഷിക്കാൻപോകുന്ന ചില വാക്കുകൾ. നാളെ ആ വാക്കുകൾ നിങ്ങളുടെ മനസ്സുകളിലും പ്രസാദമായി പ്രസരിക്കും. നാം പ്രചരിപ്പിച്ചുവരുന്നതുപോലെ നുണയും അസത്യവുമല്ല അവൻെറ വാക്കുകൾ. മന്ത്രവും മറിമായവും കവിടിനിരത്തിപ്പറച്ചിലുമല്ലത്. ഹൃദയഹാരിയായ പവിത്ര വചസ്സുകളാണവ. മറക്കാനാവാത്ത മാധുര്യമതിനുണ്ട്. അവ എൻെറ മനസ്സിനെ ഇപ്പോഴും വിരുന്നൂട്ടുന്നു."

അതിൻെറ വശ്യശക്തി അവർണനീയമത്രെ. അതിൻെറ ശ്രവണമാധുരി തങ്ങളുടെ ഹൃദയത്തെ ഹഠാദാകർഷിച്ചേക്കുമെന്ന് അതിൻെറ ബദ്ധവൈരികൾ പോലും ശങ്കിച്ചിരുന്നു. അർഥ ഗാംഭീര്യംകൊണ്ടും പ്രതിപാദനചാതുര്യം കൊണ്ടും തികച്ചും അദ്വിതീയമായിരുന്നു അത്. സാഹിത്യരസത്തിൽ അതിനു തുല്യമായി അതുമാത്രമേ ഉള്ളു. കവിപുംഗവൻമാർ, കലാവല്ലഭന്മാർ എന്നിവരുൾക്കൊള്ളുന്ന അറേബ്യൻ ജനതയെ അത് പലവുരു വെല്ലുവിളിക്കുകയുണ്ടായി, സകലരും ഒത്തു ശ്രമിച്ചിട്ടെങ്കിലും തത്തുല്യമായ ഒറ്റ അദ്ധ്യായം രചിക്കുവാൻ. എന്നാൽ, ആ വെല്ലുവിളിയെ നേരിടുവാൻ ആർക്കും കരളുറപ്പുണ്ടായില്ല. നിസ്തുലവും അമാനുഷികവുമായ ഇത്തരമൊരു ഭാഷണം മുമ്പൊരിക്കലും ആ ജനതയുടെ കാതുകൾ ശ്രവിക്കുകയുണ്ടായിട്ടില്ല. തീർച്ച.
ഖുർആനിലെ ഒരുപദംപോലും ഇന്നുവരെ വർജിതമായിട്ടില്ല. അതിലെ എല്ലാ പ്രയോഗരീതികളും ഇന്നും പ്രചാരത്തിലുണ്ട്. അതിലെ സാഹിത്യസൗന്ദര്യം അറബിഭാഷയിൽ സാഹിത്യത്തിൻെറ അളവുകോലാകുന്നു. 14 നൂറ്റാണ്ടുകൾക്കുമുമ്പ് ഖുർആൻ സ്വീകരിച്ച ശൈലിതന്നെ പ്രസംഗങ്ങളിലും പ്രഭാഷണങ്ങളിലും ഇന്നും ശുദ്ധഭാഷാശൈലികളായി അംഗീകരിക്കപ്പെടുന്നു. ലോകത്തിലേതെങ്കിലും ഭാഷയിൽ ആരെങ്കിലും ഇങ്ങനെ ഒരു രചന കാഴ്ചവെച്ചിട്ടുണ്ടോ?

പ്രായോഗികലോകത്ത്
മനുഷ്യവർഗത്തിൻെറ ചിന്തയിലും സംസ്കാരത്തിലും ജീവിതരീതിയിലും ഇത്ര ആഴത്തിലും പരപ്പിലും സ്വാധീനം ചെലുത്തിയതായി ലോകത്ത് ഈയൊരൊറ്റ പുസ്തകമേയുള്ളു. ഇതിന് സദൃശ്യമായി മറ്റൊന്നില്ല.
ആദ്യമായി അതിൻെറ സ്വാധീനശക്തി ഒരു ജനതയെ മാറ്റിമറിച്ചു. പിന്നെ ആ ജനതയെ ഉയർത്തിക്കൊണ്ടുവന്ന് അവരിലും ലോകത്തിൻെറ വലിയൊരു ഭാഗത്തും വിപ്ളവമുണ്ടാക്കി.
ലോകത്ത് ഇത്രയേറെ വിപ്ളവാത്മകമായ പ്രത്യാഘാതം സൃഷ്ടിച്ച മറ്റൊരു ഗ്രന്ഥവുമില്ല.

ഖുർആൻ വിശ്വസാഹോദര്യം വിളംബരം ചെയ്തു

ഖുർആൻ മനുഷ്യ ചിന്തയെ പ്രോജജ്വലിപ്പിച്ചു
ഖുർആൻ അവഗണിക്കപ്പെട്ട സ്ത്രീ സമൂഹത്തെ വിമോചിപ്പിച്ചു.
ഖുർആൻ വിജ്ഞാനത്തിന് അനല്പമായ അംഗീകാരം നല്കി
ഖുർആൻ കാലദേശാതിവർത്തിയായ സ്വാധീനം ജനമനസ്സുകളിലുളവാക്കി.
ഈ ഗ്രന്ഥം കേവലം ഏടുകളിലെഴുതപ്പെട്ടുകിടക്കുകയല്ല. പ്രത്യുത, പ്രായോഗികലോകത്ത് അതിൻെറ ഓരോ പദവും വിചാരങ്ങൾക്ക് രൂപം നൽകുകയും അങ്ങനെ സ്വതന്ത്ര സംസ്കാരം കെട്ടിപ്പടുക്കുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ 14 നൂറ്റാണ്ടുകളിലായി ഈ പ്രതികരണശൃംഖല നിന്തരം തുടർന്നുവരികയാണ്. അനുദിനം അതിൻെറ സ്വാധീനം വ്യാപിച്ചുകൊണ്ടുമിരിക്കിന്നു.

അദ്ധ്യാപനങ്ങൾ
അനാദി മുതൽ അനന്തതവരെയുള്ള അഖിലാണ്ഡത്തെയുമുൾക്കൊള്ളുന്ന അതിവിപുലമായ ഒരു വിഷയസമുച്ചയത്തെക്കുറിച്ചാണ് ഈ ഗ്രന്ഥം ചർച്ചചെയ്യുന്നത്. പ്രപഞ്ചത്തിൻെറ യാഥാർഥ്യത്തെക്കുറിച്ചും അതിൻെറ ആരംഭത്തെയും പരിണാമത്തെയുംകുറിച്ചും ഘടനയെയും സംവിധാനത്തെയും കുറിച്ചും അതു സംസാരിക്കുന്നു.

ഈ പ്രപഞ്ചത്തിൻെറ സൃഷ്ടാവും ആസൂത്രകനും പരിപാലകനും ആർ?
അവൻെറ ഗുണവിശേഷങ്ങളും അധികാരശക്തികളും എന്തെല്ലാം?
ഈ പ്രപഞ്ചത്തെയഖിലം നിലനിർത്തിപ്പോരുന്ന തഥ്യ എന്താണ്?
എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കൊക്കെയും അത് ഉത്തരം പറയുന്നു.

സാമാന്യ മനുഷ്യബുദ്ധിയെ എന്നും വിസ്മയ വിവശമാക്കാറുള്ള ചില ചോദ്യങ്ങളുണ്ട്.
ഞാൻ ആര്?
എങ്ങോട്ട് പോകുന്നു?
എന്തിനുണ്ടായി?
ജനനം, മരണം ഇതിൻെറ അർഥമെന്ത്?
എന്തിനാണ് ജീവിതം?
എന്താണ് പ്രപഞ്ചം?
ഋജുവും ലളിതവും അവക്രവും പൂർണ്ണവുമായ രീതിയിൽ ഖുർആൻ അവയ്ക്ക് മറുപടി നല്കുന്നു.
ഈ ലോകത്ത് മനുഷ്യൻെറ അവസ്ഥയും സ്ഥാനവും അത് കൃത്യമായി നിർണയിച്ചിരിക്കുന്നു. മനുഷ്യൻെറ സ്വയം മാറ്റാനാവാത്ത പ്രകൃതിപരമായ സ്ഥാനമിന്നതാണെന്നും, ജന്മസ്വഭാവമിന്ന താണെന്നും അത് പറഞ്ഞുതരുന്നു.
ഈ സ്ഥാനവും നിലപാടുമനുസരിച്ച് മനുഷ്യൻ സ്വീകരിക്കേണ്ട യാഥാർഥ്യാധിഷ്ഠിതമായ ചിന്താകർമപഥങ്ങളേതെന്നും യാഥാർഥ്യവിരുദ്ധമായ ദുർമാർഗമേതെന്നും അത് വിശദീകരിച്ചു തരുന്നു. സന്മാർഗം സന്മാർഗമാണെന്നതിനും ദുർമാർഗം ദുർമാർഗമാണെന്നതിനും, അത് ആകാശത്തിലെ ഓരോരോ കോണുകളിൽനിന്നും മനുഷ്യൻെറതന്നെ അസ്തിത്വത്തിൽനിന്നും ജീവിതത്തിൽനിന്നും മാനവചരിത്രത്തിൽനിന്നും എണ്ണമറ്റ തെളിവുകൾ ചൂണ്ടിക്കാണിക്കുന്നു. ഇതോടൊപ്പം മനുഷ്യൻ തെറ്റായ വഴികളിൽ പതിച്ചുപോകുന്നത് എന്തുകാരണങ്ങളാൽ, എങ്ങനെയാണെന്നും അത് വിശദീകരിച്ചുതരുന്നുണ്ട്.

ദൈവം ഏകനാണ്. അവൻെറ വഴിയും ഒന്നേയുള്ളു. ഉണ്ടാവുകയുള്ളു. അതിനെ എങ്ങനെ തിരിച്ചറിയാമെന്നും അതിനെ എങ്ങനെ വെളിപ്പെടുത്തപ്പെട്ടു എന്നും ഈ ഗ്രന്ഥം വ്യക്തമാക്കി യിരിക്കുന്നു.
അത് ശരിയായ മാർഗം ചൂണ്ടിക്കാണിക്കുക മാത്രമല്ല ചെയ്തിട്ടുള്ളത്. ആ മാർഗത്തിൽ സഞ്ച രിക്കുന്നതിനുള്ള സമ്പൂർണ ജീവിത പദ്ധതി അവതരിപ്പിക്കുകകൂടി ചെയ്തിരിക്കുന്നു. അതിൽ വിശ്വാസം, ധർമം, ആത്മസംസ്കരണം, ആരാധന, സാമൂഹിക ഇടപാടുകൾ, സംസ്കാരം, നാഗരികത, ഭരണം, നീതിന്ന്യായം, നിയമങ്ങൾ എന്നുവേണ്ട, മനുഷ്യജീവിതത്തിൻെറ നിഖില വശങ്ങളെക്കുറിച്ചും സൂക്ഷ്മവും ഭദ്രവുമായ വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സന്മാർഗത്തിലൂടെ സഞ്ചരിക്കുന്നതിനും ദുർമാഗത്തിലൂടെ സഞ്ചരിക്കുന്നതിനും ഈ ലോകത്തു ണ്ടാകുന്ന അനന്തരഫലങ്ങളെന്തായിരിക്കുമെന്നും നിലവിലുള്ള ഭൗതിക വ്യവസ്ഥ അവസാനി

ച്ചശേഷം മറുലോകത്ത് അനുഭവപ്പെടാനിരിക്കുന്ന അനന്തര ഫലങ്ങളെന്തെല്ലാമായിരിക്കുമെന്നും കൂടി അത് വിശദമായി വിവരിച്ചുതന്നിരിക്കുന്നു.

ഈ ഭൗതിക ലോകത്തിൻെറ പരിസമാപ്തിയെയും മറ്റൊരു ലോകത്തിൻെറ ആവിർഭാവത്തെയും അത് വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്. ഈ പരിവർത്തനപ്രക്രിയയുടെ ഓരോ ദശയെയും അത് വെവ്വേറെ വിവരിച്ചുകൊണ്ട് മറുലോകത്തിൻെറ സമ്പൂർണ ചിത്രം വരച്ചുകാണിക്കുന്നു. പിന്നെ മനുഷ്യന് അവിടെ അഭിമുഖീകരിക്കേണ്ടിവരിക എങ്ങനെയുള്ള ജീവിതമായിരിക്കും ഐഹിക ജീവിതത്തിലെ കർമങ്ങൾ വിചാരണചെയ്യപ്പെടുന്നത് എങ്ങനെയായിരിക്കും, ഏതെല്ലാം കാര്യങ്ങൾക്ക് സമാധാനം ബോധിപ്പിക്കേണ്ടിവരും. തൻെറ കർമാവലി മുഴുവൻ അനിഷേധ്യമായ രൂപത്തിൽ മുമ്പിൽ വെയ്ക്കപ്പെടുന്നതെങ്ങനെയായിരിക്കും, എത്ര പ്രബലങ്ങളായ സാക്ഷ്യങ്ങളായിരിക്കും അവ സ്ഥിരീകരിക്കാൻ ഹാജരാക്കപ്പെടുക, രക്ഷാശിക്ഷകൾ ലഭിക്കുന്നവർക്ക് അത് ലഭിക്കുന്നതെന്തുകൊണ്ട്, രക്ഷിതർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളെന്തല്ലാമായിരിക്കും, ശിക്ഷിതർ ഏതെല്ലാം രൂപങ്ങളിലാണ് സ്വയം കർമഫലങ്ങളനുഭവിക്കേണ്ടിവരിക എന്നു തുടങ്ങിയ വിഷയങ്ങളെക്കുറിച്ചൊക്കെ ഈ ഗ്രന്ഥം സംസാരിച്ചിട്ടുള്ളത് അതിൻെറ കർത്താവ് കുറെ ചെറുതും വലുതും കൂട്ടിഘടിപ്പിച്ച് ഏതാനും അനുമാനങ്ങളുടെ ഒരു സൗധം കെട്ടിപ്പടുത്തിരിക്കുന്നു എന്ന നിലയ്ക്കല്ല, പ്രത്യുത അതിൻെറ കർത്താവിന് യാഥാർഥ്യങ്ങളെക്കുറിച്ച് നേരിട്ട് ദൃഢജ്ഞാനമുണ്ട് എന്ന നിലയ്ക്കാണ്. അവൻെറ ദൃഷ്ടികൾ അനാദി മുതൽ അനന്തത വരെ സകലതും ദർശിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പൊരുളുകളും അവൻെറ മുന്നിൽ തുറന്നുകിടപ്പാണ്. പ്രപഞ്ചം ആമൂലാഗ്രം അവൻെറ കണ്ണിൽ ഒരു തുറന്ന പുസ്തകം പോലെയാണ്.

മനുഷ്യവർഗത്തിൻെറ ആരംഭം മുതൽ അവസാനം വരെ മാത്രമല്ല അവസാനത്തിനുശേഷമുള്ള പുനർജീവിതവും അവൻ ഒരേ സമയം കാണുന്നുണ്ട്. അവൻ മനുഷ്യനെ മാർഗദർശനം ചെയ്യുന്നത് അനുമാനങ്ങളെയും നിഗമനങ്ങളെയും ആസ്പദമാക്കിയല്ല, തികഞ്ഞ ദൃഢജ്ഞാനത്തെ ആസ്പദമാക്കിയാണ്. അവൻ ജ്ഞാനമെന്ന നിലയിൽ അവതരിപ്പിച്ച യാഥാർഥ്യങ്ങളിലൊന്നുപോലും ഇന്നുവരെ ആർക്കും തെറ്റാണെന്നു തെളിയിക്കാനായിട്ടില്ല. അവൻ മുന്നോട്ടുവെയ്ക്കുന്ന പ്രപഞ്ച വീക്ഷണവും മാനവിക വീക്ഷണവും എല്ലാ പ്രതിഭാസങ്ങളാലും സംഭവങ്ങളാലും സമ്പൂർണമായി സാധൂകരിക്കപ്പെടുന്നതും ഏതു വിജ്ഞാനശാഖയിലും ഗവേഷണത്തിന് ആധാരമാക്കാവുന്നതുമാകുന്നു.
ദർശനത്തിൻെറയും ശാസ്ത്രത്തിൻെറയും വിജ്ഞാനങ്ങളുടെയും നാഗരികതയുടെയുമെല്ലാം അന്തിമ പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ അതിലുണ്ട്. അവ തമ്മിൽ സമ്പൂർണവും സുഭദ്രവും സമഗ്രവുമായ ഒരു ചിന്താപദ്ധതി സ്ഥാപിക്കാവുന്ന വിധത്തിലുള്ള നൈയാമിക ബന്ധമുണ്ട്.

കൂടാതെ അത് മനുഷ്യജീവിതത്തിൻെറ എല്ലാ വശങ്ങളെക്കുറിച്ചും നല്കിയിട്ടുള്ള കർമപരമായ മാർഗദർശനം അത്യന്തം യുക്തിബന്ധുരവും വിശുദ്ധവുമാണെന്നു മാത്രമല്ല 14 നൂറ്റാണ്ടുകളായി ഭൂഗോളത്തിൻെറ വിവധ ഭാഗങ്ങളിലായി കണക്കറ്റ മനുഷ്യർ പ്രായോഗികമായി പിന്തുടർന്നുവരുന്നതും അതിവിശിഷ്ടമെന്ന് അനുഭവം തെളിയിച്ചിട്ടുള്ളതുമാകുന്നു. എല്ലാ ജനവിഭാഗങ്ങൾക്കും എക്കാലത്തേക്കും ഏതുനാട്ടിലേക്കും അത് ഒരുപോലെ അനുയോജ്യമാണ്.

ഓരോ വിഷയത്തിലും വാദം തെളിവുസഹിതമായിരിക്കാൻ ഖുർആൻ അടിക്കടി ഊന്നിപ്പറയുന്നു. ഖുർആൻ ബുദ്ധിയോട് സംസാരിക്കുന്നു. ബുദ്ധിയോട് തീരുമാനമെടുക്കാൻ പറയന്നു. ബുദ്ധി ഉപയോഗിക്കാത്തവരെ മൃഗങ്ങളായി മുദ്രകുത്തുന്നു. യാഥാർത്ഥ്യം കണ്ടെത്താനുള്ള മാർഗം ബുദ്ധിയാണെന്നു വിധിയെഴുതുന്നു. അന്ധവിശ്വാസങ്ങളിൽനിന്നു മുക്തമായിരിക്കാനും, മൂഢധാരണകളുടെ ലാഞ്ഛനപോലും ബുദ്ധിയെ സ്പർശിക്കാതിരിക്കാനും ഖുർആൻ ശ്രമിക്കുന്നു. പ്രപഞ്ചത്തെക്കുറിച്ചു ചിന്തിച്ചു യാഥാർത്ഥ്യങ്ങളിലെത്തുവാൻ അതു പ്രേരിപ്പിക്കുന്നു. ദൈവിക സൗന്ദര്യത്തിൻെറ ദർപ്പണംകൂടിയാണ് ഖുർആൻ.

ഈ സ്വഭാവത്തിലൊരു മനുഷ്യരചന ഈ ലോകത്തുണ്ടോ? അല്ലെങ്കിൽ അതിനോട് കിടപിടിക്കാവുന്ന ഒന്ന് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ?

മുഹമ്മദി(സ)ൻെറ സർഗസൃഷ്ടി?

പ്രവാചകൻ നിരക്ഷരനായിരുന്നു. നാട്ടുകാർക്കും ബന്ധുജനങ്ങൾക്കും അദ്ദേഹം വല്ല പുസ്തകവും വായിക്കുകയോ എഴുതുകയോ ചെയ്തിട്ടില്ലെന്ന് നന്നായറിയാമായിരുന്നു. വേദ ഗ്രന്ഥങ്ങളിലെ അധ്യാപനങ്ങളും പൂർവ മതങ്ങളുടെയും സമുദായങ്ങളുടെയും ചരിത്രങ്ങളും പ്രമാണങ്ങളും സുപ്രധാനമായ നാഗരിക ധാർമിക പ്രശ്നങ്ങളും എല്ലാം ഉൾക്കൊള്ളുന്ന മഹത്തായ ഒരു ഗ്രന്ഥം ഒരു നിരക്ഷരനിൽനിന്നുണ്ടാവുകയെന്നത് ദൈവീക ബോധനം മുഖേനയല്ലാതെയുണ്ടാവുക സാധ്യമല്ല.
ദിവ്യബോധനത്തിൽ സംശയാലുക്കളായിരുന്നവരോട് വിശുദ്ധ ഖുർആനിൻെറ ഗ്രന്ഥകർത്താവ് ചോദിക്കുന്നു:
അവർ ഖുർആനെപ്പറ്റി ചിന്തിക്കുന്നില്ലേ?
ഖുർആൻ ദൈവികഗ്രന്ഥമാണെന്ന് അത് സ്വയം തെളിയിക്കുന്നുണ്ടല്ലോ.
വ്യത്യസ്ത കാലഘട്ടങ്ങളിൽ വിവിധ പരിതഃസ്ഥിതികളിൽ വിവിധങ്ങളായ വിഷയങ്ങളെക്കുറിച്ച് നീണ്ട വർഷങ്ങൾക്കിടയിൽ ഒരാൾ ചെയ്തുകൊണ്ടിരുന്ന പ്രസംഗങ്ങൾ പരസ്പരഭിന്നതകളില്ലാതെ ഇത്രമേൽ ഏകവർണ്ണവും സമഞ്ജസവും രഞ്ജിതവുമായിരിക്കുക അസാദ്ധ്യവും അസംഭവ്യവുമാണ്. ഇതിലെ ഒരംശം മറ്റെ അംശവുമായി കലഹിക്കുന്നില്ല. എവിടെയും അഭിപ്രായ മാറ്റത്തിൻെറ കണികപോലും കാണാനില്ല. വക്താവിൻെറ ഭിന്നങ്ങളായ വികാരവിചാരങ്ങളും പരിതഃസ്ഥിതികളും ഇതിൽ ഭിന്നരൂപത്തിൽ പ്രതിഫലിച്ചതിൻെറ ലാഞ്ഛനപോലുമില്ല. പുനഃപരിശോധന ആവശ്യമെന്ന് തോന്നുന്ന യാതൊന്നും ഇതിൽ വന്നുപോയിട്ടില്ല. ഇത്രമേൽ സന്തുലിതമായ ഒരു പ്രഭാഷണസമാഹാരം മനുഷ്യനിർമിതമായിരിക്കുക സാദ്ധ്യമാണോ?

"അല്ല- വിജ്ഞാനം നല്കപ്പെട്ടവരുടെ ഹൃദയങ്ങളിൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ ആണ് ഇത്. തെറ്റുകാരല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല." (29:49)

നിരക്ഷരനായ ഒരാൾ ഖുർആൻ പോലൊരു ഗ്രന്ഥം അവതരിപ്പിക്കുക എന്നതുതന്നെ പ്രവാചകൻ സ്വയം ഒരു ദൃഷ്ടാന്തം മാത്രമല്ല, വളരെ തെളിഞ്ഞ നിരവധി ദൃഷ്ടാന്തങ്ങളുടെ സമുച്ചയമാണ് എന്നാണ് ഗ്രന്ഥകർത്താവ് പ്രസ്താവിക്കുന്നത്. അജ്ഞന്മാർ അദ്ദേഹത്തിൻെറ ദൃഷ്ടാന്തമൊന്നും ദർശിച്ചില്ലെങ്കിൽ വേണ്ട. പക്ഷേ, വിജ്ഞന്മാർ ഈ ദൃഷ്ടാന്തങ്ങൾ കണ്ട്, ഈ അവസ്ഥ ഒരു പ്രവാചകന് മാത്രമേ ഉണ്ടാകൂ എന്ന് മനസ്സാ അംഗീകരിച്ചിരിക്കുന്നു.

ഈ ഗ്രന്ഥം മുഴുവൻ ഒറ്റയടിക്ക് എഴുതി ലോകത്തിനു മുമ്പിൽ അവതരിപ്പിച്ചതല്ല. 23 വർഷങ്ങൾക്കൊണ്ടാണ് വിശുദ്ധ ഖുർആൻ പൂർത്തീകരിക്കപ്പെട്ടത്. എന്നിട്ടും സാധാരണ കണ്ടുവരാറുള്ളതുപോലെ പരിഷ്ക്കരിക്കപ്പെട്ട ഒരു രണ്ടാം പതിപ്പിൻെറ ആവശ്യകത നീണ്ട 23 വർഷങ്ങൾക്കുള്ളിൽപോലും ഉണ്ടായിട്ടില്ല എന്നത് തെളിയിക്കുന്നത് എന്താണ്?

## പ്രഭാഷണങ്ങൾ

ഏതാനും പ്രാഥമിക മാർഗദർശനങ്ങളോടെ ഒരു സംസ്കരണപ്രസ്ഥാനത്തിന് തുടക്കമിടുകയായിരുന്നു ഖുർആൻ. അതിനുശേഷം ആ പ്രസ്ഥാനം ഏതേതു ഘട്ടങ്ങളിലൂടെയെല്ലാം കടന്നുപോന്നുവോ ആ അവസ്ഥകൾക്കും ആവശ്യങ്ങൾക്കും അനുഗുണമായി അതിൻെറ ഘടകങ്ങൾ ആ പ്രസ്ഥാനത്തിൻെറ നായകൻെറ നാവിലൂടെ ചിലപ്പോൾ സുദീർഘമായ പ്രഭാഷണങ്ങളായും ചിലപ്പോൾ ഹ്രസ്വമായ വാക്യങ്ങളായും അവതീർണമായിക്കൊണ്ടിരുന്നു. പിന്നെ ഈ മഹാദൗത്യത്തിൻെറ പൂർത്തീകരണത്തിനായി വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രസാധിതമായ ഘടകങ്ങൾ, ഖുർആനെന്ന് നാമകരണം ചെയ്യപ്പെട്ട നിലയിൽ സമ്പൂർണ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ച് ലോകസമക്ഷം സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഈ പ്രഭാഷണങ്ങളും വാക്യങ്ങളും സ്വന്തം വകയല്ല, ലോകനാഥനായ ദൈവത്തിങ്കൽനിന്ന് തനിക്ക് അവതരിച്ചുകിട്ടിയതാണ് എന്നത്രേ പ്രസ്ഥാന നായകൻ പറഞ്ഞത്. ഇത് പ്രസ്ഥാന നായകൻെറ സർഗസൃഷ്ടി തന്നെയാണ് എന്നു വല്ലവരും വാദിക്കുന്നുവെങ്കിൽ അയാൾ ലോകചരിത്രത്തിൽ ഇതിനു തുല്യമായ ഒരു സംഭവം എടുത്തു കാണിക്കേണ്ടതുണ്ട്.
അതായത്, വർഷങ്ങളോളം തുടർച്ചയായി സുശക്തമായ ഒരു സാമൂഹിക പ്രസ്ഥാനത്തിന് സ്വയം നേതൃത്വം കൊടുത്ത ഒരാൾ ചിലപ്പോൾ ഒരു സദുപദേശകൻെറയും ധാർമികാധ്യാപകൻെറയും നിലയിലും, ചിലപ്പോൾ ഒരു മർദിതസമാജത്തിൻെറ ഭരണാധികാരി എന്ന നിലയിലും, ചിലപ്പോൾ ഒരു രാഷ്ട്രത്തിൻെറ ഭരണാധികാരി എന്ന നിലയിലും, ചിലപ്പോൾ സമരസജ്ജരായ ഒരു സൈന്യത്തിൻെറ നായകനെന്ന നിലയിലും ചിലപ്പോൾ ഒരു യുദ്ധ

ജേതാവെന്ന നിലയിലും ചിലപ്പോൾ നിയമനിർമാതാവെന്ന നിലയിലും എന്നുവേണ്ട വ്യത്യസ്തമായ അനേകം സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും വൈവിധ്യമാർന്ന നിലപാടുകളിൽനിന്നുകൊണ്ട്, വൈവിധ്യമുള്ള പ്രഭാഷണങ്ങൾ അവതരിപ്പിക്കുക അല്ലെങ്കിൽ കാര്യങ്ങൾ പറയുക, എന്നിട്ട് അവ സമാഹരിച്ച് സമ്പൂർണവും സുഭദ്രവും സമഗ്രവുമായ ഒരു ചിന്താപദ്ധതിയായി ക്രോഡീകരിക്കുക, അതിലെവിടെയും ഒരു വൈരുധ്യവും ഇല്ലാതിരിക്കുക, തുടക്കം മുതൽ ഒടുക്കംവരെ അതിൽ ഒരു മുഖ്യ ആശയവും ചിന്താശ്രേണിയും തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുക, അത് ആദ്യനാളിൽ വിശദീകരിച്ച മൗലികതത്ത്വങ്ങളിലധിഷ്ഠിതമായ വിശ്വാസപ്രമാണങ്ങളുടെയും കർമനിയമങ്ങളുടെയും ഒരു സമ്പൂർണ സംവിധാനംതന്നെ അവസാന ദിവസവും അവതരിപ്പിക്കുക, അതിലെ ഘടകങ്ങൾ പരസ്പരം അങ്ങേയറ്റം ഇണങ്ങിയിരിക്കുക, അതിൻെറ സമുച്ചയം വായിച്ചുനോക്കുന്ന ദീർഘദൃഷ്ടിയുള്ള ഏതൊരാൾക്കും ഈ പ്രസ്ഥാനം ആരംഭിച്ച സമയത്തുതന്നെ അതിൻെറ നായകൻെറ മുമ്പിൽ ആ പ്രസ്ഥാനത്തിൻെറ പൂർണ വളർച്ചയുടെ വ്യക്തമായ ചിത്രം ഉണ്ടായിരുന്നുവെന്നും ഇടയ്ക്കൊരിടത്തുവെച്ച് നേരത്തെ അയാൾക്ക് വെളിപ്പെട്ടിട്ടില്ലാതിരുന്നതും പിന്നീട് മാറേണ്ടിവന്നതുമായ ഒരാശയം രംഗപ്രവേശം ചെയ്തിട്ടില്ലെന്നും അനിവാര്യമായി ബോധ്യപ്പെടുന്നതാണ്.

ഈ നിലയിൽ സൃഷ്ടിപരമായ പ്രതിഭാപ്രസരണം കാഴ്ചവെച്ച മനസ്സുള്ള ഒരു മനുഷ്യൻ എന്നെങ്കിലും കടന്നുപോയിട്ടുണ്ടോ? ഉണ്ടങ്കിൽ അയാളെ ഒന്നു ചൂണ്ടിക്കാണിച്ചുതരിക.

ഈ പ്രഭാഷണങ്ങളും വാക്യങ്ങളും ഉതിർത്ത നാവിൻെറ ഉടമയായ മാർഗദർശകൻ ഇതു കേൾപ്പിക്കുന്നതിനുമാത്രം പെട്ടെന്ന് ഏതോ മൂലയിൽനിന്ന് എഴുന്നേറ്റുവന്നതല്ല. അതു കേൾപ്പിച്ചശേഷം അദ്ദേഹം എങ്ങോട്ടും പോയിമറഞ്ഞിട്ടുമില്ല. അദ്ദേഹം ഈ പ്രസ്ഥാനം തുടങ്ങുന്നതിനുമുമ്പും അതിനുശേഷം അന്ത്യശ്വാസം വരെയും സ്വന്തം സമൂഹത്തിനകത്തു ജീവിതം നയിച്ച ആളാണ്. അദ്ദേഹത്തിൻെറ സംഭാഷണ-പ്രഭാഷണഭാഷയും ശൈലിയും ആളുകൾക്ക് വളരെ സുപരിചിതമായിരുന്നു. പ്രവാചകവചനങ്ങളിൽ അതിൻെറ വിപുലമായ ശേഖരം ഇന്നും സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അവ വായിക്കുന്ന പില്കാല അറബി പരിജ്ഞാനികൾക്കുപോലും ആ നായകൻെറ സ്വന്തം സംസാരരീതി എന്തായിരുന്നുവെന്ന് എളുപ്പത്തിൽ കണ്ടെത്താൻ കഴിയും. അദ്ദേഹത്തിൻെറ ഭാഷക്കാരായ ആളുകൾക്ക് അന്നുതന്നെ ഈ ഗ്രന്ഥത്തിൻെറ ഭാഷയും ശൈലിയും ആ നായകൻെറ സ്റ്റൈലിൽനിന്ന് വളരെ ഭിന്നമായി അനുഭവപ്പെട്ടിരുന്നു. അറബിഭാഷ അറിയാവുന്നവർക്ക് ഇന്നും അതനുഭവപ്പെടാതിരിക്കില്ല. എത്രത്തോളമെന്നാൽ അദ്ദേഹത്തിൻെറ സ്വന്തമായ ഒരു പ്രഭാഷണത്തിനിടയിൽ ഈ ഗ്രന്ഥത്തിൽ നിന്നുള്ള ഒരു വചനം കടന്നുവന്നാൽ അവിടെ രണ്ടിൻെറയും ഭാഷകൾ തള്ളിലുള്ള അന്തരം തികച്ചും തെളിഞ്ഞുകാണാം.

മാർഗദർശകൻ ഈ പ്രസ്ഥാനത്തെ നയിക്കുമ്പോൾ വിവിധ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടിരിക്കുന്നു. വർഷങ്ങളോളം അദ്ദേഹം സ്വജനത്തിൻെറ പരിഹാസത്തിനും നിന്ദയ്ക്കും കടുത്ത ആക്രമണങ്ങൾക്കും വിധേയനായി. പലപ്പോഴും അദ്ദേഹത്തിൻെറ ശിഷ്യന്മാർക്ക് സ്വദേശംവിട്ട് പാലായനം ചെയ്യേണ്ടിവന്നു. പലപ്പോഴും ദുരിതപൂരണമായ ജീവിതം നയിക്കേണ്ടതായിവന്നു. ശത്രുക്കളാൽ മർദ്ദിക്കപ്പെട്ടപ്പോഴും, ശത്രുക്കളുടെ മേൽ വിജയംവരിച്ചപ്പോഴും ദൈവത്തിങ്കൽ നിന്നുള്ള ബോധനം എന്ന നിലയിൽ അദ്ദേഹം പറഞ്ഞ വചനങ്ങളാവട്ടെ മാനുഷികവികാരങ്ങളുടെ സ്വാധീനത്തിൽനിന്ന് തികച്ചും മുക്തമായിരുന്നു.
ഈ ഗ്രന്ഥം ഉൾക്കൊള്ളുന്ന വിപുലവും സമഗ്രവുമായ ജ്ഞാനം അക്കാലത്തെ അറബികളിലും റോമക്കാരിലും യവനരിലും ഇറാൻകാരിലും പോകട്ടെ, ഈ നൂറ്റാണ്ടിലെ മഹാപണ്ഡിതന്മാരിൽ പോലും ആരുടെ പക്കലും ഇല്ലാത്തതാണ്.

## പ്രാപഞ്ചിക രഹസ്യങ്ങളിലേക്കുള്ള സൂചനകൾ

“ഇവർക്കുള്ള മറ്റൊരു ദൃഷ്ടാന്തമാകുന്നു രാത്രി. അതിൽനിന്ന് പകലിനെ നാം ഊരിയെടുക്കുന്നു. അപ്പോൾ ഇവരിൽ ഇരുട്ട് പരക്കുന്നു. സൂര്യൻ അതിൻെറ സങ്കേതത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് അജയ്യനായ ആ സർവജ്ഞൻ കണിശമായി നിർണയിച്ചുവെച്ചതത്രെ. ചന്ദ്രൻ, അതിനു നാം പല മണ്ഡലങ്ങളും നിശ്ചയിച്ചു കൊടുത്തിരിക്കുന്നു. അങ്ങനെ അതിലൂടെ കടന്നുപോയിക്കൊണ്ട് ഒടുവിൽ ഈത്തപ്പനയുടെ ഉണങ്ങിയ കുലച്ചില്ലപോലെ ആയിത്തീരുന്നു. ചന്ദ്രനെ എത്തിപ്പിടിക്കാൻ സൂര്യന് സാധിക്കുകയില്ല. രാത്രിക്ക്

പകലിനെ കവച്ചുകടക്കാനാവുകയില്ല. എല്ലാം ഓരോ പഥങ്ങളിൽ നീന്തിക്കൊണ്ടേയിരിക്കുകയാകുന്നു." (36:37-40 )

"പ്രവാചക സന്ദേശം അംഗീകരിക്കാൻ വിസമ്മതിച്ച ജനം ചിന്തിക്കുന്നില്ലേ? എന്തെന്നാൽ ഈ ആകാശ ഭൂമികളൊക്കെയും പരസ്പരം ഒട്ടിച്ചേർന്നതായിരുന്നു. പിന്നീട് നാമവയെ വേർപെടുത്തി. ജലത്തിൽനിന്നു സകല സജീവ വസ്തുക്കളെയും സൃഷ്ടിച്ചു." (21:30)

"രാപ്പകലുകൾ ഉണ്ടാക്കിയതും സൂര്യചന്ദ്രാദികളെ സൃഷ്ടിച്ചതും ആ ഏകദൈവം മാത്രമാകുന്നു. ഒക്കെയും ഓരോ ഭ്രമണപഥങ്ങളിൽ നീന്തിക്കൊണ്ടിരിക്കുകയാകുന്നു." (21:33)

"ഭൂമിയിൽ മുളക്കുന്ന സസ്യങ്ങളിലാവട്ടെ, മനുഷ്യരുടെ തന്നെ വർഗ്ഗത്തിലാവട്ടെ, ഇവർക്കറിഞ്ഞുകൂടാത്ത മറ്റനേകം വസ്തുക്കളിലാവട്ടെ എല്ലാ ഇനങ്ങളിലും ഇണകളെ സൃഷ്ടിച്ചവനായ ആ അസ്തിത്വം എത്രയും പരിശുദ്ധനാകുന്നു." (36:36)

"അല്ലാഹു സർവജീവജാലങ്ങളെയും ഒരേ ജലത്തിൽനിന്നു സൃഷ്ടിച്ചു. അവയിൽ ചിലത് അതിൻെറ ഉദരത്തിന്മേൽ നടക്കുന്നു. ചിലത് രണ്ടു കാലുകളിൽ നടക്കുന്നു. ചിലത് നാലുകാലുകളിൽ നടക്കുന്നു. അവൻ ഇഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു സകല കാര്യങ്ങൾക്കും കഴിവുള്ളവനല്ലോ" (24:45)

"എല്ലാ വസ്തുക്കളിലും (അചേതനവും സചേതനവുമായ ) നാം ഇണകളെ സൃഷ്ടിച്ചിരിക്കുന്നു". (51:49)

**14 നൂറ്റാണ്ടുകൾക്കു മുമ്പ്**

അറേബ്യൻ മരുഭൂമിയിലെ ഒരു നിരക്ഷരൻ വിജ്ഞാനത്തിൻെറ എല്ലാ കോണുകളെക്കുറിച്ചും ഇത്ര വിപുലമായ അവഗാഹം ആർജിക്കുകയും എല്ലാ അടിസ്ഥാന പ്രശ്നങ്ങളെയും അഗാധമായി അപഗ്രഥിച്ച് വ്യക്തവും ഖണ്ഡിതവുമായ മറുപടി കണ്ടെത്തുകയും ചെയ്തുവെന്ന് കരുതുന്നത് യുക്തിസഹമാവുമോ?

ഖുർആൻെറ അമാനുഷികതക്ക് വേറെയും പല മുഖങ്ങളുമുണ്ട്. ഖുർആൻ അമാനുഷമാണെന്നത് ഖുർആനിൻെറ അവതരണകാലത്ത് എന്തുമാത്രം വ്യക്തമായിരുന്നുവോ അതിലേറെ വ്യക്തമാണ് ഇന്ന്; എന്നും, ദൈവം ഉദ്ദേശിച്ചാൽ അന്ത്യനാൾവരെ അത് കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കും.

---

"നാം ഇറക്കിയ അനുഗൃഹീതമായ വേദപുസ്തകമാണിത്. അതിനാൽ നിങ്ങളതിനെ പിൻപറ്റുക. ഭക്തരാവുകയും ചെയ്യുക. നിങ്ങൾ കാരുണ്യത്തിനർഹരായേക്കാം."

(6:155)

---